(സി) കേരളത്തിൽ മോഡേൺ മെഡിസിനിൽ ജനങ്ങൾക്കുള്ള വിശ്വാസ്യത അനുദിനം വർദ്ധിച്ചുവരുന്ന ആശുപത്രികളുടെ എണ്ണം കൊണ്ടും ഓരോ ആശുപത്രികളിലും അനുഭവപ്പെടുന്ന ജനബാഹുല്യം കൊണ്ടും മനസ്സിലാക്കാവുന്നതാണ്. പകർച്ച വ്യാധികളും ജീവിതശൈലീരോഗങ്ങളും ഒരുപോലെ കേരളത്തിലെ ആരോഗ്യ മേഖലയിൽ വെല്ലുവിളികൾ സൃഷ്ടിക്കുമ്പോൾ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള മോഡേൺ മെഡിസിൻ ആശുപത്രികളിൽ ഒരുപോലെ ജനങ്ങളുടെ തള്ളിക്കയറ്റം ഉണ്ടാവുകയും തൽഫലമായി ചികിത്സാ ചിലവ് വർദ്ധിക്കുന്നുവെന്നതും ഒരു വസ്തുതയാണ്. സർക്കാർ മേഖലയിലുള്ള ആശുപത്രികളിൽ ചികിത്സാ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ജനറിക് മരുന്നുകളുടെ ഉപയോഗം സർക്കാർ ആശുപത്രികളിൽ കർശനമാക്കി. ആർ.ബി.എസ്.കെ./ആരോഗ്യകിരണം തുടങ്ങിയ പദ്ധതികളിലൂടെ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സയും ജെ.എസ്.എസ്.കെ. യിലൂടെ ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും സൗജന്യ ചികിത്സയും ഉറപ്പാക്കിയിട്ടുണ്ട്. സുകൃതം പദ്ധതിയിലൂടെ ബി.പി.എൽ. വിഭാഗത്തിലുള്ള ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സയും ആർ.എസ്.ബി.വൈ-ചിസ്/ചിസ് പ്ലസ്/ കാരുണ്യ തുടങ്ങിയ പദ്ധതികളിലൂടെ സാമ്പത്തിക സഹായവും ജനങ്ങൾക്ക് നൽകി വരുന്നു. രോഗം വരാതെ നോക്കുന്നതിനുള്ള മുൻകരുതൽ എന്ന നിലയ്ക്ക് പ്രതിരോധ കുത്തിവയ്പുകൾ പ്രതിരോധ മരുന്നുകൾ എന്നിവയും ആരോഗ്യ വകുപ്പ് നൽകി വരുന്നു. പരിസര ശുചിത്വം, Source reduction activities എന്നിവയിലൂടെ പകർച്ചവ്യാധി നിയന്ത്രണവും ജീവിതശൈലീ രോഗനിയന്ത്രണ ക്ലിനിക്കിലൂടെ ജീവിതശൈലീ രോഗങ്ങളും നിയന്ത്രിച്ചുവരുന്നു. വാർഷിക വരുമാനം മൂന്നുലക്ഷം രൂപവരെയുള്ള രോഗികൾക്ക് ആരോഗ്യ വകുപ്പിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നതിനായി 'സൊസൈറ്റി ഫോർ മെഡിസിൻ അസിസ്റ്റൻസ് ടു ദി പൂവർ' എന്ന പദ്ധതി നിലവിലുണ്ട്. ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നും 3 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് മാരകമല്ലാത്തതും എസ്.എം.എ.പി. പദ്ധതിയിൽ ഉൾപ്പെടാത്ത മാരകമായ രോഗങ്ങൾക്കും പരമാവധി 2000 രൂപ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

ഉത്തരവാദിത്വ ടൂറിസം പദ്ധതി

25 (*85) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly.

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഉണ്ട്. 2007-ൽ ആരംഭിച്ച പദ്ധതി കോവളം, കുമരകം, തേക്കടി, വയനാട്, ബേക്കൽ, കുമ്പളങ്ങി എന്നീ പ്രദേശങ്ങളിലാണ് നടപ്പാക്കി വരുന്നത്. മുസിരിസ് പദ്ധതി പ്രദേശത്ത് കൂടി ഉത്തരവാദിത്വ ടൂറിസം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശിയർക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുവാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ഉത്തരവാദിത്വ ടൂറിസം. തദ്ദേശിയർക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനങ്ങളും ലഭ്യമാക്കാൻ സഹായിക്കുംവിധം ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കുക എന്ന അടിസ്ഥാന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഉത്തരവാദിത്വ ടൂറിസം പദ്ധതി സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. തദ്ദേശീയർക്ക് തൊഴിൽ, കാര്യശേഷി വികസനം, ടൂറിസം ഉത്പ്പന്ന വികസനം, ഗ്രാമീണ പാക്കേജുകൾ, പാരിസ്ഥിതിക സാംസ്കാരിക പൈതൃക സംരക്ഷണം, സ്ത്രീ ശാക്തീകരണം ദാരിദ്ര്യ ലഘൂകരണം, ഗ്രാമീണ വികസനം എന്നിവയുള്ള ഉപാധിയായി ടൂറിസത്തെ മാറ്റുന്നതിനും ഉത്തരവാദിത്വ ടൂറിസം ലക്ഷ്യമിടുന്നു.

(സി) പദ്ധതി നടത്തിപ്പിനായി 2011-12 മുതൽ 2015-16 സാമ്പത്തിക വർഷം വരെ 6.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2011 ജൂൺ മുതൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം &ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)-നെ പദ്ധതി നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി നിയമിക്കുകയുണ്ടായി. ഉത്തരവാദിത്വ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യഘട്ടത്തിൽ പ്രവർത്തനം നടത്തിയിരുന്ന കുമരകം, തേക്കടി, കോവളം, വൈത്തിരി എന്നിവിടങ്ങളിൽ കൂടാതെ കുമ്പളങ്ങി, ബേക്കൽ, അമ്പലവയൽ, മുസിരിസ് എന്നിവിടങ്ങളിൽകൂടി ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ഉത്തരവാദിത്വ ടൂറിസം വിപുലീകരണ പദ്ധതിയുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട് തെരഞ്ഞെടുത്ത 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാരംഭ പഠനങ്ങളും ചർച്ചകളും നടത്തുകയുണ്ടായി. സർക്കാരിന്റെ മിഷൻ 676 പദ്ധതി പ്രകാരം "GOD'S OWN COUNTRY-PEOPLE'S OWN TOURISM പദ്ധതിയിൽ ഉൾക്കൊള്ളിച്ച് 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കാൻ തീരുമാനിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

വിസ ഓൺ അറൈവൽ പദ്ധതി

26 (*86) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വിസ ഓൺ അറൈവൽ' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഉണ്ട്. ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കിയ ഈ സംവിധാനം ടൂറിസ്റ്റ് വിസ ഓൺ അറൈവൽ (TvoA) എന്ന പേരിൽ അറിയപ്പെടുന്നു. ജർമ്മനി, ജപ്പാൻ, ആസ്ട്രേലിയ, ന്യൂസിലാന്റ്, നോർവേ, റഷ്യ, യു.എ.ഇ. തുടങ്ങിയ 113 രാജ്യങ്ങളിൽനിന്ന് ഇന്ത്യയിലെത്തുന്ന സഞ്ചാരികൾക്ക് രാജ്യത്തെ 16 വിമാനത്താവളങ്ങളിൽനിന്ന് ലളിതമായ നടപടിക്രമങ്ങളിലൂടെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുന്നതാണ് ഈ സംവിധാനം. കേരളത്തിൽ ഇത് കൊച്ചി, തിരുവനന്തപുരം എന്നീ വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. വിനോദസഞ്ചാരം, സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിക്കൽ, ഹ്രസ്വകാലയളവിലേക്കുള്ള ചികിത്സ/ ബിസിനസ് തുടങ്ങിയ ആവശ്യങ്ങൾക്കായി എത്തുന്ന വിദേശികൾക്കാണ് ഈ സൗകര്യം ലഭിക്കുക. ഇത് ആത്യന്തികമായി രാജ്യത്തിന്റെയും ഇതോടൊപ്പം കേരളത്തിന്റെയും

LIBRARY ARCHIVES Kerala Legislative Assembly